# 119. സി. എച്ച്. മുഹമ്മദ്കോയ

നേതാക്കൾ രണ്ടുതരമുണ്ട്. ഒരു തരം നേതാക്കൾ സ്വന്തം പ്രതിഭകൊണ്ടും ഇച്ഛാശക്തികൊണ്ടും കർമ്മനൈപുണികൊണ്ടും തങ്ങളുടെ കാലഘട്ടത്തെയും സാഹചര്യങ്ങളെയും പാടെ മാററിത്തീർക്കുന്നു. ലെനിൻ, മഹാത്മാഗാന്ധി മുതലായ ആദർശവാദികൾ ഇത്തരത്തിൽപ്പെട്ട നേതാക്കളാകുന്നു. എണ്ണത്തിൽ കുറവായ ഇവരെ നാം 'യുഗസ്രഷ്ടാക്കൾ' എന്നു വിളിക്കുന്നു.

തങ്ങളുടെ കാലഘട്ടത്തെയും സാഹചര്യങ്ങളെയും ഒരുവിധത്തിലും മാററിത്തീർക്കാതെ, അവയെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പ്രതിഭയും ഇച്ഛാശക്തിയും കർമ്മനൈപുണിയുമാണു മറെറാരുതരം നേതാക്കൾക്കുള്ളത്. എണ്ണത്തിൽ വളരെ കൂടുതലുള്ള ഇവരെ നമുക്ക് 'യുഗസൃഷ്ടികൾ' എന്നു വിളിക്കാം. പ്രായോഗികജീവിതത്തിൽ അങ്ങേയററം വിജയം നേടുന്ന പക്വമതികളായിരിക്കും ഇവർ.

ഈ രണ്ടാമതു പറഞ്ഞ തരത്തിൽപ്പെട്ട ഒരു നേതാവായിരുന്നു ഇക്കഴിഞ്ഞ സെപ്റ്റംബർ 28-ാം തീയതി ഹൈദരാബാദിൽവെച്ച് അമ്പത്താറാം വയസ്സിൽ അന്തരിച്ച സി. എച്ച്. മുഹമ്മദ്കോയ.

മലബാർപ്രദേശത്തിലെ മാപ്പിളമാർക്കിടയിൽ, അവരുടെ അനന്യസേവകനായി നാലു ദശാബ്ദക്കാലത്തോളം പ്രവർത്തിക്കുകയും, ഈ പ്രവർത്തനത്തിലൂടെ തന്റെ സമുദായത്തിനും തനിക്കും ഗണ്യമായ നേട്ടങ്ങൾ കൈവരുത്തുകയുംചെയ്ത ഒരു നേതാവായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ആധുനികതയുടെയും സന്ദേശം മലബാറിലെ ഓരോ മാപ്പിളയുടെയും വീട്ടിൽ എത്തിച്ചതു് യുഗസ്രഷ്ടാവായിരുന്ന മുഹമ്മദ് അബ്ദുർ റഹ്മാൻ സാഹിബ് ആയിരുന്നു. ഖിലാഫത്ത്പ്രസ്ഥാനം അക്രമാസക്തമായ വർഗീയ കലാപമായി മാറി അടിച്ചമർത്തപ്പെട്ടതിനെത്തുടർന്നു നൈരാശ്യത്തിലാണ്ടു നിഷ്ക്രിയമായിത്തീർന്ന മാപ്പിളസമുദായത്തെ വീണ്ടും ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക് ആനയിച്ചതു് അബ്ദുർ റഹ്മാന്റെ ഉജ്ജ്വലമായ വ്യക്തിത്വവും അസാധാരണമായ കർമ്മശേഷിയുമാണ്. പക്ഷേ, ധീരനും ത്യാഗസമ്പന്നനുമായ ഈ നേതാവിനെ പൊറുപ്പിക്കുവാൻ നിർഭാഗ്യവശാൽ, സവർണ ഹിന്ദു മേധാവിത്വത്തിന്റെ കീഴിൽ പുലർന്നിരുന്ന മലബാറിലെ കോൺഗ്രസ് സംഘടനയ്ക്കു സാധിക്കാതെ പോയി. സ്വാതന്ത്ര്യത്തിന്റെ അരുണോദയത്തിനു തൊട്ടുമുമ്പിൽ, രാഷ്ട്രീയാന്തരീക്ഷം അന്ധകാരാവൃതമായിരിക്കേ, താനുണർത്തിയ പ്രതീക്ഷകൾ നിർവഹണദശയിലേക്കു പ്രവേശിക്കുംമുമ്പ്, അബ്ദുർ റഹ്മാൻ സാഹിബ് അകാലത്തിൽ ചരമമടയുകയുംചെയ്തു.

മലബാറിലെ മാപ്പിളസമുദായത്തിൽ ആഴത്തിൽ ഓടാൻതുടങ്ങിയിരുന്ന കോൺഗ്രസ്സിന്റെ വേരുകൾ ഇതോടെ ഉണങ്ങിക്കരിഞ്ഞുപോയി. കോൺഗ്രസ്സിന്റെ പ്രാദേശിക നേതാക്കളുടെ സ്വാർത്ഥതയും അപനയവുംമൂലം ഉളവായിത്തീർന്ന ഈ പരിതഃസ്ഥിതി പ്രയോജനപ്പെടുത്തുന്നതിനു ശ്രമിച്ചതു് കമ്യൂണിസ്റ്റ്പാർട്ടിയും മുസ്ലിംലീഗുമായിരുന്നു. അബ്ദുർ റഹ്മാൻ സാഹിബുമൊത്ത് കോൺഗ്രസ്സിന്റെ ഇടതുപക്ഷമായി പ്രവർത്തിച്ചുപോന്നിരുന്ന കമ്യൂണിസ്റ്റ്പാർട്ടിയുടെ കേരളീയ നേതൃത്വത്തിന്, പക്ഷേ, മാപ്പിളബഹുജനങ്ങളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠ നേടാൻ കഴിഞ്ഞില്ല. സ്വാതന്ത്ര്യസമരത്തിന്റെ നിർണായകനിമിഷങ്ങളിൽ കമ്യൂണിസ്റ്റ്പാർട്ടി ശത്രുപക്ഷത്തു ചേർന്നതു്, എത്രയധികം

വാഗ്മിതയോടെ നീതീകരിക്കപ്പെട്ടാലും, സരളഹൃദയനായ മാപ്പിളയ്ക്കു ദഹിക്കുന്ന ഒരു കൃത്യമായിരുന്നില്ല. മതം മനുഷ്യനെ മയക്കുന്ന കറുപ്പ് ആണെന്ന കമ്യൂണിസത്തിന്റെ ഔദ്യോഗികനിലപാടും, മാപ്പിളബഹുജനങ്ങളെ കമ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് അകററിനിർത്താൻ സഹായിച്ചു. നിസ്വാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായി അവിടവിടെ ചില 'പോക്കററുകൾ' ഉണ്ടാക്കാൻ കമ്യൂണിസ്റ്റ്പാർട്ടിക്കു കഴിഞ്ഞെങ്കിലും, മാപ്പിളസമൂഹം കമ്യൂണിസ്റ്റ്പാർട്ടിയെ പൊതുവെ നിരസിക്കുകയാണുണ്ടായത്.

കമ്യൂണിസ്റ്റ്പാർട്ടി പരാജയപ്പെട്ടിടത്ത് മുസ്ലിംലീഗ് പതുക്കെപ്പതുക്കെ വിജയംവരിച്ചു. മാപ്പിളനാട്ടിൽ നീളെ മററു കൊടികളെയെല്ലാം താഴ്ത്തിക്കെട്ടി ലീഗിന്റെ പച്ചക്കൊടി പാറിക്കളിക്കാൻ തുടങ്ങി. എങ്കിലും, മുസ്ലിംലീഗിന്റെ സൈദ്ധാന്തിക അടിത്തറയായിരുന്ന ദ്വിരാഷ്ട്രവാദം ഇന്ത്യയുടെ വിഭജനത്തിൽ ചെന്നെത്തിയപ്പോൾ, മലബാറിൽ ലീഗിന്റെ നില പരുങ്ങലിലായിത്തീർന്നു. മതത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട പാകിസ്ഥാനിലേക്ക് മലബാറിലെ ലീഗിന്റെ അല്പം ചില നേതാക്കൾ മാത്രമേ താമസം മാററിയുള്ളു. കേരളത്തിൽത്തന്നെ എന്നും പുലരേണ്ടവരായ തങ്ങളെ ലീഗിന്റെ ദ്വിരാഷ്ട്രവാദം കൊണ്ടുചെന്നെത്തിച്ചത് എന്തൊരു ദുഃസ്ഥിതിയിലാണെന്ന് മാപ്പിളമാർ അമ്പരപ്പോടെ കണ്ടറിഞ്ഞു. സ്വയം നവീകരിക്കാതെ ലീഗിന് ഒരു രാഷ്ട്രീയകക്ഷിയെന്ന നിലയിൽ കേരളത്തിൽ നിലനിൽക്കുക അസാദ്ധ്യമായിത്തീർന്നു.

നിർണായകമായ ഈ ഘട്ടത്തിൽ സന്ദർഭത്തിനൊത്ത് ഉയരാൻ കഴിഞ്ഞതാണ് കേരളത്തിലെ മുസ്ലിംലീഗിന്റെ വിജയരഹസ്യം. ദ്വിരാഷ്ട്രവാദം ഉപേക്ഷിച്ച്, ഇന്ത്യൻ ജനാധിപത്യവ്യവസ്ഥിതിയിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സാധാരണ രാഷ്ട്രീയകക്ഷിയെന്ന നിലയിൽ ലീഗിനെ വളർത്തിയെടുക്കുന്നതിൽ സി. എച്ച്. മുഹമ്മദ്കോയ വഹിച്ച പങ്കാണ് അദ്ദേഹത്തെ കേരളത്തിലെ മുസ്ലിങ്ങളുടെ അനിഷേദ്ധ്യ നേതാവായി ഉയർത്തിയത്.

കോളേജിൽ പ്രവേശിച്ച് ഏറെ താമസിയാതെ വിദ്യാഭ്യാസം നിർത്തി മുസ്ലിംലീഗിന്റെ ഔദ്യോഗികപത്രമായ 'ചന്ദ്രിക'യിൽ ജോലി സ്വീകരിച്ച മുഹമ്മദ്കോയയുടെ ആദ്യകാല രാഷ്ട്രീയപ്രവർത്തനത്തിനു രൂപം നൽകിയത് അസാധാരണരായ രണ്ടു വ്യക്തികളായിരുന്നു. ഒരു മതാധിഷ്ഠിതസംഘടനയുടെ നേതൃത്വത്തിലിരിക്കെത്തന്നെ രാഷ്ട്രീയ കാര്യങ്ങളിൽ മതനിരപേക്ഷമായ ആധുനികവീക്ഷണം പുലർത്തിപ്പോന്ന സീതിസാഹിബ് ആയിരുന്നു ഇവരിലൊരാൾ; മറേറ ആളാകട്ടെ, മതത്തിന്റെ പേരിൽ മാത്രം മുസ്ലിം ബഹുജനങ്ങളുടെ അളവററ ആദരവും ആരാധനയും നേടിവന്ന സയ്യദ് അബ്ദുർ റഹ്മാൻ ബാഫാക്കി തങ്ങളും. പിൽക്കാലത്തു തനിക്കു കൈവന്ന എല്ലാ നേട്ടങ്ങൾക്കും സി. എച്ച്. മുഹമ്മദ്കോയ ബാഫാക്കിതങ്ങളോടു കടപ്പെട്ടിരിക്കുന്നു. അതേസമയം, ഒരു രാഷ്ട്രീയപ്രവർത്തകനെന്ന നിലയിൽ മുഹമ്മദ്കോയയുടെ വ്യക്തിത്വത്തെ രൂപവല്ക്കരിച്ചത് ബാഫാക്കിത്തങ്ങൾ അല്ല, സീതി സാഹിബ് ആയിരുന്നു എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്.

ഇന്ത്യയുടെ മററു ഭാഗങ്ങളിൽ, ഉത്തർപ്രദേശിലും ബീഹാറിലും ഹൈദരാബാദിലും എല്ലാം, ഇന്ത്യാവിഭജനം ഏല്പിച്ച ആഘാതത്തിൽ നിന്ന് മുസ്ലിംസമൂഹം ഇനിയും പൂർണമായി മോചനം നേടിയിട്ടില്ല. കേരളത്തിലാകട്ടെ, മാപ്പിളമാർ അതിവേഗത്തിൽ ഈ ആഘാതത്തെ അതിജീവിക്കുകയും, സാമ്പത്തിക—സാംസ്കാരിക—സാമൂഹിക മണ്ഡലങ്ങളിൽ ത്വരിതമായ വളർച്ച നേടുകയും, ജനാധിപത്യ മാതൃകയിലുള്ള

ഭരണസംവിധാനത്തിൽ മറ്റേതൊരു ജനവിഭാഗത്തെയുംപോലെ സഫലമായി പങ്കെടുക്കുവാൻ തുടങ്ങുകയുംചെയ്തു. അത്യന്തം അഭിലഷണീയമായ ഈ സംഭവവികാസത്തിനു നാം കടപ്പെട്ടിരിക്കുന്നതു് കേരളത്തിലെ മുസ്ലിംലീഗിന്റെ നേതൃത്വത്തോടാണു്; മുഖ്യമായും സീതിസാഹിബ്, ബാഫാക്കി തങ്ങൾ, സി. എച്ച്. മുഹമ്മദ്കോയ എന്ന മൂന്നു വ്യക്തികളോടാണു്. മാപ്പിളസമൂഹത്തിന്റെ കെട്ടുറപ്പു നിലനിർത്തിക്കൊണ്ടു്, തങ്ങളുടെ സഹായത്താൽ മാത്രം അധികാരം നിലനിർത്താൻ കഴിവുള്ള മറ്റു രാഷ്ട്രീയപ്പാർട്ടികളുമായി, അവരുടെ ആത്യന്തികാദർശങ്ങളെന്തെന്നു പരിഗണിക്കാതെ, പ്രായോഗിക സഖ്യമുണ്ടാക്കി അധികാരത്തിൽ പങ്കാളികളാവുകയും, ഈ പങ്കാളിത്തത്തിന്റെ ഫലങ്ങൾ മാപ്പിളസമൂഹത്തിനു കണ്ടറിയാവുന്ന വിധത്തിൽ പരമാവധി ലഭ്യമാക്കിത്തീർക്കുകയും ചെയ്യുക എന്നതായിരുന്നു സ്വാതന്ത്ര്യലബ്ധിക്കുശേഷം, പ്രത്യേകിച്ചും കേരളസംസ്ഥാന രൂപവല്ക്കരണത്തിനു ശേഷം, കേരളത്തിലെ മുസ്ലിംലീഗിന്റെ അടിസ്ഥാനനയം. ഈ നയം ഏറ്റവുമധികം ഫലപ്രദമായി നടപ്പിൽ വരുത്തിയതിന്റെ പ്രശസ്തിയത്രയും സി. എച്ച്. മുഹമ്മദ്കോയയ്ക്കുള്ളതാണു്. കാരണം, അദ്ദേഹമായിരുന്നുവല്ലോ സർക്കാർതലത്തിൽ കേരള മുസ്ലിംലീഗിന്റെ ഏറ്റവും പ്രഭാവശാലിയായ പ്രവർത്തകൻ. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ മുസ്ലിംലീഗും മറ്റു രാഷ്ട്രീയകക്ഷികളും തമ്മിലുള്ള ബന്ധം എന്തുതന്നെയായാലും, സി. എച്ച്. മുഹമ്മദ്കോയ മരണത്തിനു് ഏതാനും ദിവസം മുമ്പു പറഞ്ഞതുപോലെ, കേരളത്തിൽ, വാളയാർ ചുരത്തിനിപ്പുറത്തു്, മുസ്ലിം ബഹുജനങ്ങൾക്കു പൊതുജീവിതത്തിൽ ഫലപ്രദമായ പങ്കു നൽകുന്നതിലായിരുന്നു ലീഗിനു താല്പര്യം. ഈ താല്പര്യത്തിനു പ്രവർത്തനാത്മകരൂപം നൽകുന്നതിൽ പ്രധാനപങ്കു വഹിച്ചിരുന്ന സി. എച്ച്. മുഹമ്മദ്കോയയ്ക്കു്, കേന്ദ്ര നിയമസഭാംഗമെന്ന നിലയിൽ ശോഭിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിലത്ഭുതമില്ല. കാരണം, ദില്ലിയിൽ അദ്ദേഹത്തിനു യാതൊന്നും ചെയ്യാനുണ്ടായിരുന്നില്ല. എന്നാൽ, കേരളത്തിൽ നിയമസഭാംഗമെന്ന നിലയിലും സ്പീക്കറെന്ന നിലയിലും വിദ്യാഭ്യാസമന്ത്രിയെന്ന നിലയിലും ഉപമുഖ്യമന്ത്രിയെന്ന നിലയിലും അല്പകാല മുഖ്യമന്ത്രിയെന്ന നിലയിലും എല്ലാം അദ്ദേഹത്തിന്റെ ഔദ്യോഗികനിർവഹണം ഒരിക്കലും പരാജയമാവുകയുണ്ടായില്ല.

ഇക്കഴിഞ്ഞ മൂന്നോ, നാലോ ദശകങ്ങളിലെ കേരളത്തിന്റെ സാമൂഹ്യചരിത്രം എഴുതുന്ന ഒരാൾ ഈ കാലഘട്ടത്തെ മുസ്ലിം ബഹുജനങ്ങളുടെ നവോത്ഥാനയുഗമായി വിവരിച്ചാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല. വിദ്യാഭ്യാസരംഗത്തിലും, വിദഗ്ദ്ധ—തൊഴിലുകളുടെയും സർക്കാർ ഉദ്യോഗങ്ങളുടെയും രംഗത്തിലും, ഈ കാലഘട്ടത്തിനിടയിൽ മുസ്ലിം സമൂഹം നേടിയതും, ഇപ്പോഴും നേടിക്കൊണ്ടിരിക്കുന്നതുമായ പുരോഗതി ആരിലും മതിപ്പ് ഉളവാക്കും. സാമ്പത്തികമേഖലയിലും വമ്പിച്ച മുന്നേറ്റമാണു് മുസ്ലിങ്ങൾക്കിടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഗൾഫ് സമ്പന്നതപോലെയുള്ള ബാഹ്യസംഭവങ്ങൾ ഈ വികാസത്തിനു് ഉപകരിച്ചിട്ടുണ്ടെന്നതു നിസ്തർക്കമാണു്. അതേസമയം, കേരളത്തിലെ മുസ്ലിംലീഗിന്റെ രാഷ്ട്രീയ നയപരിപാടികളാണു് ഈ വളർച്ചയ്ക്കു് എത്രയും അനുഗുണമായ അന്തരീക്ഷം സൃഷ്ടിച്ചിട്ടുള്ളതെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. സ്വന്തം പ്രതിഭകൊണ്ടും ഇച്ഛാശക്തികൊണ്ടും കർമനൈപുണികൊണ്ടും പരിതഃസ്ഥിതികളെ പൂർണമായും പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തിലെ ലീഗ്നേതൃത്വം ഈ കാലഘട്ടത്തിൽ വിജയിക്കുകയുണ്ടായി. ഈ വിജയത്തിന്റെ മുഖ്യശില്പി എന്നതായിരിക്കും കേരളചരിത്രത്തിൽ സി.എച്ച്. മുഹമ്മദ്കോയയുടെ

സ്ഥാനം. എഴുത്തുകാരൻ, വാഗ്മി, സംഘാടകൻ, തന്ത്രജ്ഞൻ എന്നീ നിലകളിൽ, തന്റെ അസാധാരണങ്ങളായ കഴിവുകരം മുഴവൻ തികച്ചും ഫലപ്രദമായിത്തന്നെ അദ്ദേഹം ഉപയോഗപ്പെടുത്തുകയുണ്ടായി.

സി. എച്ച്. മുഹമ്മദ്കോയ എന്ന രാഷ്ട്രീയ നേതാവിനെപ്പററിയാണ് ഇവിടെ പ്രതിപാദിച്ചതു്. സി. എച്ച്. എന്ന മനുഷ്യനെപ്പററി എത്ര വേണമെങ്കിലും എഴുതാം. അദ്ദേഹവുമായി 1950 മുതൽ അടുത്തു് ഇടപെടുന്നതിനു് എനിക്കു് അവസരമുണ്ടായിട്ടുണ്ടു്. താൻ ജനിച്ച ഗ്രാമത്തെ ശാശ്വതീകരിക്കുന്ന 'എം. കെ. അത്തോളി' എന്ന തൂലികാനാമത്തിൽ അദ്ദേഹത്തിന്റെ എത്രയോ ഗ്രന്ഥനിരൂപണങ്ങരം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. മലബാർ പത്രപ്രവർത്തക സംഘത്തിൽ ഞങ്ങരം ഒരുമിച്ച് പ്രവർത്തിച്ചിരുന്നു. 1968—ൽ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കപ്പെട്ടപ്പോരം, അതിന്റെ ഡയറക്ടർ എന്ന നിലയിൽ എനിക്കു്, അന്നു വിദ്യാഭ്യാസമന്ത്രിയായിരുന്ന മുഹമ്മദ് കോയയുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടേണ്ടിവന്നു. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും സർവതോമുഖമായ വളർച്ചയിൽ അഗാധമായ താല്പര്യവും, മലയാളത്തിലെ എഴുത്തുകാരോടു് പരമമായ ആദരവും, താനും ഒരെഴുത്തുകാരനാണെന്ന അഭിമാനവും അദ്ദേഹത്തിനു് എപ്പോഴും ഉണ്ടായിരുന്നു. ഇതുനിമിത്തം ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ പ്രവർത്തിച്ച കാലമത്രയും എനിക്കു് ഗവണ്മെൻറുമായുള്ള ഇടപാടുകളിൽ അദ്ദേഹത്തിന്റെ ശക്തിയേറിയ പിന്തുണ ലഭിച്ചുപോന്നു. ഇൻസ്റ്റിററ്യൂട്ടിന്റെ നേട്ടങ്ങളിൽ ഡയറക്ടറായിരുന്ന എനിക്കു തോന്നിയിരുന്നതിലേറെ അഭിമാനവും സന്തോഷവും അദ്ദേഹത്തിനു് അനുഭവപ്പെട്ടിരുന്നു എന്നാണു് എന്റെ വിശ്വാസം.

ശൂന്യതയിൽനിന്നു് ഒരു സ്ഥാപനം പടുത്തുയർത്തുമ്പോരം പല ഉദ്യോഗനിയമനങ്ങളും വേണ്ടിവരുമല്ലോ. ഉദ്യോഗനിയമനങ്ങരംക്കു ചുമതലപ്പെട്ട ഒരു വ്യക്തിയെപ്പോലെ മറെറാരാളും രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ സമ്മർദങ്ങരംക്കു വിധേയനാവുന്നില്ല. എന്നാൽ, ഭാഷാ ഇൻസ്റ്റിററ്യൂട്ടിലെ ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ചിടത്തോളം ജോലിക്കു പററിയ ആളെ തെരഞ്ഞെടുക്കുന്നതിൽ ചെറുക്കാനാവാത്ത സമ്മർദങ്ങരം എനിക്കു് അനുഭവപ്പെടുകയുണ്ടായില്ല. മുഖ്യമന്ത്രിമാരായിരുന്ന ഇ. എം. എസ്. നമ്പൂതിരിപ്പാട്, സി. അച്യുതമേനോൻ, വിദ്യാഭ്യാസമന്ത്രിമാരായിരുന്ന സി. എച്ച്. മുഹമ്മദ്കോയ, ചാക്കീരി അഹമ്മദ്കുട്ടി എന്നിവരോടു് ഇതിനു ഞാൻ കടപ്പെട്ടിരിക്കുന്നു.

ഒരു ദിവസം ഭാഷാഇൻസ്റ്റിററ്യൂട്ടിലിരിക്കെ എന്റെ ടെലിഫോണിൽ മണി അടിച്ചു. വിളിക്കുന്നതു് വിദ്യാഭ്യാസമന്ത്രിയായ സി. എച്ച്. മുഹമ്മദ്കോയയാണ്. ഇൻസ്റ്റിററ്യൂട്ടിൽ പരസ്യപ്പെടുത്തിയിരുന്ന ഒരു ജോലിക്കു് അപേക്ഷകനായിരുന്ന ഒരാളുടെ കാര്യം ഓർമപ്പെടുത്താനാണു വിളിച്ചതു്.

'ആളെ തെരഞ്ഞെടുക്കുന്നതു കമ്മററിയാണല്ലോ. എനിക്കു് എന്തു ചെയ്യാൻ കഴിയും?' ഞാൻ ചോദിച്ചു.

'അതൊന്നും പറഞ്ഞാൽ പററില്ല. ഈ കാര്യം എങ്ങനെയെങ്കിലും ശരിപ്പെടുത്തണം.' ഇത്രയും പറഞ്ഞു് സി. എച്ച്. ഫോൺ താഴെ വെച്ചു.

രണ്ടു മിനിററു കഴിഞ്ഞു വീണ്ടും ടെലിഫോണിലെ മണിയടിച്ചു. ഇത്തവണയും വിളിക്കുന്നതു് വിദ്യാഭ്യാസമന്ത്രിതന്നെ. പക്ഷേ, സ്വരം തികച്ചും വ്യത്യസ്തമായിരുന്നു.

'എൻ വീ, ഞാനാദ്യം പറഞ്ഞതു കണക്കിലെടുക്കേണ്ട. അയാരം ഇവിടെ വന്നു് ഇരിപ്പായതുകൊണ്ടു മറെറാരു നിവൃത്തിയുമില്ലാതെ പറ

ഞ്ഞതാണ്. നിയമപ്രകാരമേ ആളെ എടുക്കാവൂ. ജോലി ശരിക്ക ചെയ്യാൻ ഏറ്റവും കഴിവുള്ള ആളെയേ എടുക്കേണ്ടൂ. എന്നാൽ, ശരി.'

ത്രിഭാഷാപദ്ധതിയനുസരിച്ച ഹിന്ദി സംസ്ഥാനങ്ങളിലെ സെക്കൻഡറി സ്കൂളുകളിൽ ഏതെങ്കിലുമൊരു ദക്ഷിണേന്ത്യൻ ഭാഷ പഠിപ്പിക്കുന്നതിൻെറ മുഴുവൻ ചെലവും കേന്ദ്രഗവണ്മെൻറ് വഹിക്കുമെന്ന ഒരു തീരുമാനം 1960-കളിൽ ഉണ്ടായി. ഇതിനെപ്പററി അറിഞ്ഞപ്പോൾ, സ്കൂളുകളിൽ മലയാളം പഠിപ്പിക്കാൻ ആവശ്യമായത്ര അദ്ധ്യാപകരെ ഭാഷാ ഇൻസ്റ്റിട്യൂട്ടിൻെറ നേതൃത്വത്തിൽ പരിശീലിപ്പിച്ച് അയയ്ക്കാമെന്നു ഞാൻ ഹിന്ദി സംസ്ഥാനങ്ങൾക്ക് എഴുതി അയച്ചു. രാജസ്ഥാൻ ഗവണ്മെൻറ് മാത്രമാണ് ഈ വിഷയത്തിൽ അല്പമെങ്കിലും താല്പര്യം കാണിച്ചതു്. ഹിന്ദിയിൽ എം. എ. ബിരുദം നേടിയ കേരളീയരെ, മലയാളഭാഷാദ്ധ്യാപനത്തിൽ പ്രത്യേക പരിശീലനം നൽകി മലയാളാദ്ധ്യാപകരാക്കി അയയ്ക്കുകയായിരുന്നു ഞാൻ നിർദേശിച്ച പരിപാടി. ഇവർക്ക സാധാരണ അദ്ധ്യാപകരുടെ ശമ്പളവും, മറുനാട്ടിൽ സേവനം അനുഷ്ഠിക്കുന്നതിനു പ്രത്യേകമായി ഒരു അലവൻസും നൽകണം. ഇതു സംബന്ധിച്ച കത്തിടപാടുകളുടെ കോപ്പി ഞാൻ കേരളഗവണ്മെൻറിൻെറ വിദ്യാഭ്യാസവകുപ്പിലേക്കും അപ്പഴപ്പോൾ അയച്ചിരുന്നു.

സർക്കാരിൻെറ അനുവാദമില്ലാതെ ഭാഷാ ഇൻസ്റ്റിററ്യൂട്ട് ഡയറക്ടർ സ്വമേധയാ മററു സ്റ്റേററുകളുമായി കത്തിടപാടുകൾ നടത്തുകയാണെന്നും ഇതു തടയണമെന്നും കാണിച്ച് ഒരു കുറിപ്പ് വിദ്യാഭ്യാസ സെക്രട്ടറി വിദ്യാഭ്യാസമന്ത്രിക്ക് അയച്ചു. കുറെ ദിവസം കഴിഞ്ഞ് സെക്രട്ടേറിയേററിൽ ചെന്നപ്പോൾ, ഈ ഫയൽ എനിക്ക കാണിച്ചുതന്നു. ഇങ്ങനെ ഒരു പ്രതികരണം ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. 'സ്വമേധയാ' പ്രവർത്തിക്കുവാൻ വേണ്ടിയാണ് എന്നെ ഭാഷാ ഇൻസ്റ്റിററ്യൂട്ടിൻെറ ചുമതല ഏല്പിച്ചതു് എന്നായിരുന്നു എൻെറ വിചാരം. അതു ഞാൻ തുറന്നു പറയുകയും ചെയ്തു.

'ഇതിനു ഞാൻ ഉത്തരമെഴുതണമോ?' ഞാൻ ചോദിച്ചു.

'വേണ്ട. വെറുതെ കാണിച്ചു എന്നേയുള്ളു. കണ്ട കാര്യം ആരോടും പറയേണ്ട.'

അതായിരുന്നു സി. എച്ച്. മുഹമ്മദ്കോയ എന്ന മനുഷ്യൻ.

(6 ഒക്ടോബർ, 1983)

## 120. ഡോക്ടർ എസ്. കെ. നായർ

കേരളത്തിൻെറ സാഹിത്യ-കലാ-വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹ്യ അന്തരീക്ഷത്തിൽ പ്രകാശവും മാധുര്യവും ചൊരിഞ്ഞു നിന്നിരുന്ന ഒരു താരത്തിൻെറ അസ്തമയത്തിന് നവവർഷാരംഭം സാക്ഷ്യം വഹിച്ചു. ജനുവരി രണ്ടാം തീയതി രാത്രി ഡോ.എസ്. കെ. നായർ മദ്രാസിലുള്ള സ്വന്തം വീട്ടിൽവെച്ച് ഹൃദ്രോഗംമൂലം അന്തരിച്ചു.

മുപ്പതു വർഷങ്ങളോളം അദ്ദേഹം മദ്രാസ് സർവകലാശാലയിലെ മലയാളവിഭാഗത്തിൽ പ്രവർത്തിച്ചു. 'കാവ്യജീവിതവൃത്തി'പോലുള്ള പ്രൗഢഗ്രന്ഥങ്ങൾ രചിച്ച പണ്ഡിതനായ ശിരോമണി പി. കൃഷ്ണൻനായരുടെ ഒഴിവിലാണ് അദ്ദേഹം സർവകലാശാലയിൽ ഉദ്യോഗസ്ഥനായതു്. പിന്നീട്, 'വടക്കൻപാട്ടുകൾ', 'കേരളത്തിലെ കാളീസേവ' മുതലായ സരളഗ്രന്ഥങ്ങളുടെ പ്രസാധകനായ ഡോ. ചേലനാട്ട് അച്യുത